ഫെഡറേഷനും കൂടി സ്ഥാപിച്ചിട്ടുള്ള കമ്പനിയാണ് മിൽമാ ഫുഡ്സ് ലിമിറ്റഡ് ഇതിൽ 49% ഓഹരി മിൽമയുടേയും 51% ഓഹരി മദർ ഡയറി ഫുഡ്സ് ലിമിറ്റഡിന്റേതുമാണ്. മേഖലാ യൂണിയനുകളുടേയും, മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റേയും പാൽ, പാലുൽപ്പന്ന വിപണനം ഈ പുതിയ കമ്പനിയാണ് നിർവ്വഹിക്കുന്നത്. പുതിയ കമ്പനിയുടെ ആസ്ഥാനം തിരുവനന്തപുരത്താണ്.

(സി&ഡി) മിൽമയുടെ ഘടനയിൽ മാറ്റം വന്നിട്ടില്ല. എന്നാൽ മിൽമ ചെയ്തിരുന്ന പാലും, പാലുല്പന്നങ്ങളുടെ വിപണന പ്രവർത്തനവും പുതിയ കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

(ഇ) തയ്യാറാക്കുന്നതാണ്.

ക്ഷീര കർഷകർക്കായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾക്ക് നടപടി

79 (4118) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര വികസന വകുപ്പിൽ കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിപോലും ഇല്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടേയും സഹായം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചു വരുന്നു.

ക്ഷീര വികസന വകുപ്പിലെ താൽക്കാലിക നിയമനം

80 (4119) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പുൽകൃഷി വികസനം തുടങ്ങിയ വിവിധ പരിപാടികൾക്കായി ദിവസവേതനം എച്ച്. ആർ. അടിസ്ഥാനത്തിൽ ബ്ലോക്കുകൾ തോറും എത്രപേരെ വീതം നിയമിച്ചിട്ടുണ്ട് ;

(ബി) ജില്ല തിരിച്ച് എത്രപേരെ ഏതെല്ലാം ബ്ലോക്കുകളിൽ എത്ര രൂപ വേതനത്തിന് നിയമിച്ചിട്ടുണ്ട് എന്നുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഇവരെ തെരഞ്ഞെടുത്തത് ആരാണ് എന്നും എന്തു മാനദണ്ഡ പ്രകാരമാണ് തെരഞ്ഞെടുത്തതെന്നും, ഇതിൽ സംവരണ തത്വങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും, ഓരോ ബ്ലോക്കിലും പുറപ്പെടുവിച്ച തെരഞ്ഞെടുക്കപ്പെട്ടവരുടെ റാങ്ക് ലിസ്റ്റ് ഉൾപ്പെടെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly